# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5343

02.07.2013ൽ മറുപടിക്ക്.

### എഡ്യൂസിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. എം. എ. വാഹീദ് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് എഡ്യൂസിറ്റിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | എ) എഡ്യൂസിറ്റിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം 2013 മാർച്ച് 10 ന് ബഹു. മുഖ്യമന്ത്രി നിർവഹിച്ചു. കെ.എസ്.ഐ.ഡി.സി യിൽ നിന്നും ഇൻകെൽ - കെ.എസ്.ഡി.സി പ്രോജക്ട്സ് ലിമിറ്റഡ് എന്ന സംയുക്ത സംരഭത്തിനു മലപ്പുറത്ത് പാണക്കാട് 243 ഏക്കർ സ്ഥലം പാട്ടത്തിന് ലഭിച്ചു. 23.02.2013-ലെ സർക്കാർ ഉത്തരവ് G.O.(MS) 10/2012/ID പ്രകാരം ടി സ്ഥലത്ത് നിന്നും 75 ഏക്കർ English & Foreign Language University-ക്ക് ഓഫ് ക്യാമ്പസ് തുടങ്ങുന്നതിന് നൽകി. ബാക്കിയുള്ള 168 ഏക്കറിൽ എഡ്യൂസിറ്റി പദ്ധതി നടപ്പിലാക്കി വരുന്നു. |
| ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി) പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br>1. ഉന്നത നിലവാരം പുലർത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമുച്ചയം യാഥാർത്ഥ്യമാക്കുക.<br>2. മാനവിക ശേഷി വികസനത്തിനുള്ള ഉന്നത കേന്ദ്രം നടപ്പിലാക്കുക.<br>3. പരിസ്ഥിതി സൗഹൃദപരമായി ഉന്നത നിലവാരം പുലർത്തുന്ന ഒരു വിദ്യാഭ്യാസ കേന്ദ്രം പ്രാവർത്തികമാക്കുക. |
| സി) ഏതെല്ലാം ഏജൻസികളുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ; | സി) ഇൻകെലിന്റെ നേതൃത്വത്തിൽ ഇൻകെൽ - കെ.എസ്.ഡി.സി പ്രോജക്ട്സ് ലിമിറ്റഡ് ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| ഡി)പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | ഡി)<br>1. വൈദഗ്ധ്യ വികസനത്തിനായി ഇൻകെലും - നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ (NTTF) മായുള്ള സംയുക്ത സംരംഭ ജൂലൈയിൽ |

പ്രവർത്തനം തുടങ്ങുന്നു. തികച്ചും തൊഴിലധിഷ്ഠിതമായ പഠന പദ്ധതികളാണ് ഈ സെന്ററിലുള്ളത്.

2. 75 ഏക്കർ സ്ഥലം EFLU ന് ഓഫ് ക്യാമ്പസിനു വേണ്ടി നൽകിയിട്ടുണ്ട്.
3. പദ്ധതിക്കാവശ്യമായ വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്ഥലം നൽകി വരുന്നു.
4. ഈ കേന്ദ്രത്തിലെ വിവിധ സ്ഥാപനങ്ങൾക്ക് സംരഭകർക്കായി റോഡ് ഷോകൾ നടത്തുകയും, പരസ്യങ്ങൾ നൽകുകയും ചെയ്തു. സംരംഭകരിൽ നിന്നും യോഗ്യതയനുസരിച്ചു ഏറ്റവും യുക്തമായ 15 സംരഭകർക്ക് അനുമതിപത്രം നൽകിയിട്ടുണ്ട്. 2 വർഷത്തിനകം ഈ സ്ഥാപനങ്ങൾ പ്രവർത്തനക്ഷമമാകുമെന്നാണ് കരുതുന്നത്. അടിസ്ഥാന സൗകര്യ വികസനത്തിനും അനുബന്ധ കാര്യങ്ങൾക്കും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**